**ഹയർ സെക്കന്ററി ഡയറക്ടറുടെ**
**കാര്യാലയം, ഹൗസിംഗ് ബോർഡ്**
**ബിൽഡിംഗ്, ശാന്തി നഗർ,**
**തിരുവനന്തപുരം.**

**പിഎഫ്5/13838/2014/എച്ച്.എസ്.ഇ/GAINPF** **തീയതി : 03/06/2014**

# സർക്കുലർ

വിഷയം :- ഹ.സെ.വി - കെ.എ.എച്ച്.എസ്.എസ് (+2) ഇ.പി.എഫ് - GAINPF - ജീവനക്കാരുടെ വിവരങ്ങൾ ചേർക്കുന്നത് - സംബന്ധിച്ച്.

സൂചന :- ഇതേ നമ്പർ 27/03/2014, 08/04/2014 എന്നീ തീയതികളിലെ സർക്കുലറുകൾ.

കേരള എയിഡഡ് ഹയർ സെക്കന്ററി സ്ക്കൂളുകളിലെ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ഓൺലൈൻ ആക്കുന്നതിനുള്ള GAINPF Software ആക്ടിവേഷൻ നടത്തിയിട്ടുള്ള സ്ക്കൂളുകളിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ ചേർക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ സൂചന പ്രകാരം നൽകിയിരുന്നു. എന്നാൽ വളരെ കുറച്ച് സ്ക്കൂളുകൾ മാത്രമാണ് ജീവനക്കാരുടെ വിവരങ്ങൾ ചേർത്തിട്ടുള്ളത്. 2014 ജൂൺ 30 ന് മുമ്പായി ഒരു വർഷത്തെ ക്രെഡിറ്റ് കാർഡ് നൽകുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതിനാണ് GAINPF പരിപാടിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ആയതിനാൽ 15/06/2014 ന് മുമ്പായി ജീവനക്കാരുടെ വിവരങ്ങളുടെ എൻട്രിയും, വെരിഫിക്കേഷനും പൂർത്തിയാക്കേണ്ടതാണ്. Software പ്രവർത്തനം സംബന്ധിച്ച യൂസർ മാനുവൽ ഹയർ സെക്കന്ററി പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. GAINPF തുടങ്ങുന്ന സാമ്പത്തിക വർഷത്തിലും അതിനു ശേഷവും മറ്റു സ്ക്കൂളുകളിൽ നിന്നും ട്രാൻസ്ഫറായി വന്നിട്ടുള്ള ജീവനക്കാരുടെ വിവരങ്ങൾ അവരുടെ പഴയ സ്ക്കൂളിൽ നിന്നുമാണ് ചേർക്കേണ്ടത്. നിശ്ചിത തീയതിയ്ക്കു ശേഷവും പ്രവർത്തനം പൂർത്തിയാക്കിയിട്ടില്ലാത്ത സ്ക്കൂളുകളിലെ വിവരങ്ങൾ, പൂർത്തിയാക്കിയിട്ടുള്ളവ ആദ്യം പരിഗണിച്ചതിനു ശേഷമേ പരിശോധിക്കുകയുള്ളൂ എന്ന് അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഡയറക്ടറേറ്റിലെ പി.എഫ് സെക്ഷനുമായി ബന്ധപ്പെടേണ്ടതാണ്.

**ഒപ്പ്**
**സീനിയർ ഫിനാൻസ് ഓഫീസർ**